AKNM GOVERNMENT POLYTECHNIC COLLEGE, THIRURANGADI, MALAPPURAM Dist.
(Near I.O.C, **CHELARI**)

# അറിയിപ്പ്

ചേളാരി,
23/10/2021, 4.30pm

വിഷയം:- രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷൻ -- Day 2

സ്പോട്ട് അഡ്മിഷൻ തിയ്യതി :- 25-10-2021 തിങ്കളാഴ്ച

റജിസ്ട്രേഷൻ സമയം:- രാവിലെ 9 മണി മുതൽ 9.30 വരെ

എത്തിച്ചേരേണ്ട സ്ഥലം:- ചേളാരി.

ചേളാരിയിൽ പ്രവർത്തിക്കുന്ന എ.കെ.എൻ.എം. ഗവണ്മെന്റ് പോളിടെക്നിക് കോളേജിൽ ഇലക്ട്രോണിക്സ് എഞ്ചിനീയറിങ്ങ്, കമ്പ്യൂട്ടർ എഞ്ചിനീയറിങ്ങ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്ങ് എന്നീ ത്രിവത്സര ഡിപ്ളോമ കോഴ്സുകളിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷൻ 25.10.2021 തിങ്കളാഴ്ച ഉടരുന്നതാണ്. താഴെ സൂചിപ്പിച്ച സ്കീം 1 റാങ്കിൽ ഉൾപ്പെട്ട, അഡ്മിഷൻ എടുക്കുവാൻ താല്പര്യമുള്ള അപേക്ഷകർ 25-10-2021 തിങ്കളാഴ്ച രാവിലെ 9 മണിക്ക് മുൻപായി ചേളാരിയിൽ പ്രവർത്തിക്കുന്ന പോളിടെക്നിക് കോളേജ് ഓഫീസിൽ റജിസ്ട്രേഷന് എത്തിച്ചേരേണ്ടതാണ്. (Application Form, Final Rank Details എന്നിവയുടെ രേഖകൾ കരുതേണ്ടതാണ്).

| എത്തിച്ചേരേണ്ട അപേക്ഷകരുടെ വിഭാഗം | സ്കീം 1 റാങ്ക് |
|---|---|
| Other Backward Hindu (BH) | സ്കീം 1 റാങ്ക് 42000 വരെ |
| Economically Weaker Section (EWS) | സ്കീം 1 റാങ്ക് 51000 വരെ |
| ടെക്നിക്കൽ ഹൈസ്കൂൾ (TH) | അപേക്ഷിച്ച എല്ലാവരും |

രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷന്റെ അവസാന ദിനം (25/10/2021) വരെ ഉണ്ടാവുന്ന ഒഴിവുകളിലേക്ക് കൂടി അന്നേ ദിവസം അഡ്മിഷൻ നടത്തുന്നതാണ്. (ഒഴിവുകൾ www.polyadmission.org വെബ് സൈറ്റിൽ 'VACANCY POSITION' എന്ന ലിങ്കിൽ ലഭിക്കും)

മേൽ സൂചിപ്പിച്ച ക്വാട്ടയിൽപ്പെട്ടവർക്കും, കൂടാതെ രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷന്റെ ആദ്യ ദിനം (21/10/2021 ന്) എ.കെ.എൻ.എം. ഗവണ്മെന്റ് പോളിടെക്നിക് കോളേജ് തിരൂരങ്ങാടിയിൽ റജിസ്റ്റർ ചെയ്ത് അന്നേ ദിവസം www.gptcthirurangadi.in വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള '2nd Spot Registration Rank List'ലെ SL NO. 1 മുതൽ 28 വരെ ഉള്ളവർ സ്പോട്ട് അഡ്മിഷൻ, ബ്രാഞ്ച് മാറ്റം ആവശ്യമുണ്ടെങ്കിൽ രാവിലെ 9 മണിക്ക് പങ്കെടുക്കണം.

മേൽ സൂചിപ്പിച്ചവരുടെ അഡ്മിഷന് ശേഷവും ഒഴിവ് നിലനിൽക്കുകയാണെങ്കിൽ, 21/10/2021 ന് പ്രസിദ്ധീകരിച്ച '2nd Spot Registration Rank List'ൽ നിന്ന് പങ്കെടുക്കേണ്ടവരുടെ SL NO.കൾ ഉച്ചക്ക് 12 മണിക്ക് ശേഷം www.polyadmission.org വെബ് സൈറ്റിലെ ഷെഡ്യൂളിൽ അറിയിക്കുന്നതാണ്. അന്നേ ദിവസം ഉച്ചക്ക് 2 മണി മുതൽ അഡ്മിഷൻ ഉടരുന്നതുമാണ്.

റജിസ്ട്രേഷൻ നടത്തിയ അപേക്ഷകരുടെ സ്കീം 1 റാങ്ക് മുൻഗണനാക്രമം അനുസരിച്ചും റിസർവേഷൻ മാനദണ്ഡമനുസരിച്ചും ഒഴിവുള്ള സീറ്റുകളിലേക്ക് അഡ്മിഷൻ നടത്തുന്നതാണ്.

എസ്എസ്എൽസി, സംവരണങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡ്, ഫീസാനുകൂല്യത്തിന് വരുമാന സർട്ടിഫിക്കറ്റ് എന്നിവ പ്രവേശന സമയത്ത് ഹാജരാക്കണം. പ്രവേശനം ലഭിക്കുന്നവർ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (T.C.), സ്വഭാവ സർട്ടിഫിക്കറ്റ് (C.C) എന്നിവ ഹാജരാക്കേണ്ടതാണ്. പ്രവേശനം ലഭിക്കുന്ന ഒരു ലക്ഷം വരെ വാർഷിക വരുമാനം ഉള്ളവർ കോഷൻ ഡെപ്പോസിറ്റായി 1000 രൂപയും, ഒരു ലക്ഷത്തിനു മുകളിൽ വരുമാനമുള്ളവർ കോഷൻ ഡെപ്പോസിറ്റ് ഉൾപ്പെടെ ഫീസായി 3780 രൂപയും എ.ടി.എം കാർഡ് മുഖേന ഓഫീസിൽ അടക്കേണ്ടതാണ്. കൂടാതെ പി.ടി.എ ഫണ്ടായി 1500 രൂപ പണമായി അടക്കേണ്ടതാണ്.

ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ ഒരേ ദിവസം പങ്കെടുക്കുവാൻ മറ്റൊരു വ്യക്തിയെ ചുമതലപ്പെടുത്തുന്നതിന്, അഡ്മിഷൻ വെബ്സൈറ്റിലെ 'DOWNLOADS'ൽ ഉള്ള പ്രോക്സി ഫോം [Form of Authorisation Letter (Annexure - XIII)] പ്രിന്റ് എടുത്ത് ഫോട്ടോകൾ പതിച്ച് പൂരിപ്പിച്ച് വേണം പങ്കെടുക്കേണ്ടത്.

അഡ്മിഷന് പങ്കെടുക്കുന്നവർ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ക്വാറന്റൈനിലുള്ളവർ നേരിട്ട് പങ്കെടുക്കരുത്.

23-10-2021

പ്രിൻസിപ്പാൾ

**PRINCIPAL**

AKNM Govt. Polytechnic College
Thirurangadi, Velimukku P.O
Malappuram - 676 317

GOVT POLYTECHNIC COLLEGE, TIRURANGADI
VELIMUKKU P.O
MALAPPURAM
PIN- 676 317